ISIS ന്റെ മുൻഗാമി

വ്യാജ ഖിലാഫത് വാദികളായ

ജമാഅതുൽ ഖിലാഫ

ശയ്ഖ് അബൂ ഖതാദ ഫിലസ്ത്വീനി

ISIS ന്റെ മുൻഗാമി

വ്യാജ ഖിലാഫത് വാദികളായ

ജമാഅതുൽ ഖിലാഫ

ശയ്ഖ് അബൂ ഖതാദ ഫിലസ്ത്വീനി

നിറദയാർദ്രനും ദയാലുവുമായ അല്ലാഹുവിന്റെ നാമത്തിൽ.

ഉലകങ്ങൾക്കുടയോനായ അല്ലാഹുവിനാണ്
സ്തുതികളഖിലവും.

നിറദയാർദ്രൻ ദയാലു.

മൂല്യവിധിനാളിന്നധിപതി.

ഞങ്ങൾ നിനക്കു മാത്രം വഴിപ്പെടുന്നു, ഞങ്ങൾ നിന്നോട്
മാത്രം തുണയിരക്കുന്നു.

നേർപാതയിലേക്ക് നീ ഞങ്ങളെ നയിക്കേണമേ
നീ പ്രസാദിച്ചവരുടെ പാത, നീ ദ്വേഷിച്ചവരുടെയല്ല,
ഭ്രംശ മാർഗികളുടേതുമല്ല

بسم الله الرحمن الرحيم

ആധുനിക കാലത്തെ ഖവാരിജിന്റെ ചരിത്രം തുടങ്ങുന്നത് ഈജിപ്തിലെ ശുക്റി അഹ്മദ് മുസ്ത്വഫയിൽ നിന്നാണ്. അദ്ദേഹം രൂപം കൊടുത്ത സംഘമായിരുന്നു **ജമാഅതുൽ മുസ്‌ലിമീൻ**. പക്ഷേ, **അത്തക്ഫീറു വൽ ഹിജ്റ** എന്ന പേരിലാണ് ആ സംഘം കുപ്രസിദ്ധി നേടിയത്.

ആധുനിക കാലത്തെ ഖവാരിജിന്റെ ചരിത്രം ഇറാഖിലെ അബൂബകർ ബഗ്ദാദിയാൽ അവസാനിക്കുന്നുമില്ല. അദ്ദേഹം നേതൃത്വം നൽകിയ **അദ്ദൗലതുൽ ഇസ്‌ലാമിയ്യ** എന്ന സംഘം **ദാഇശ് / ബഗ്ദാദിയ്യൂൻ / ദൗല / അവാദിയ്യ** എന്നീ പേരിലാണ് കുപ്രസിദ്ധി നേടിയത്. ബഗ്ദാദിയുടെ അനുയായിയായിരുന്ന ബോകോ ഹറാം നേതാവ് അബൂബകർ ശേഖാവ് അദ്ദേഹത്തെയും ദാഇശിനെയും കാഫിറാക്കി സംഘം വിട്ടുപോയ ആളാണ്. ദാഇശിൽ നിന്ന് വിട്ടുപോയ തീവ്ര ഖവാരിജ് സംഘങ്ങൾ ഇറാഖിലും സിറിയയിലും വേണ്ടുവോളമുണ്ട് താനും.

സമകാലിക ഇസ്‌ലാമിക സമൂഹത്തിൽ ഖവാരിജിന്റെ ഫിത്നയായി കണക്കാക്കുന്നത് **ദാഇശി**നെയാണെങ്കിലും അഫ്ഗാൻ കേന്ദ്രീകരിച്ച് രൂപം കൊണ്ട **ജമാഅതുൽ മുസ്‌ലിമീൻ** എന്ന സംഘടനയുടെ തുടർച്ചയായാണ് ഇത് രംഗത്ത് വരുതുന്നത്. അവരുടെ മൻഹജ് അപ്പാടെ ആവാഹിക്കുകയായിരുന്നു **ദാഇശ്** ചെയ്തത്. ഈജിപ്തിൽ രൂപം കൊണ്ട ശുക്റി അഹ്മദ് മുസ്ത്വഫയുടെ **ജമാഅതുൽ മുസ്‌ലിമീനു**മായി അഫ്ഗാനിൽ രൂപം കൊണ്ട അബൂ ഈസയുടെ **ജമാഅതുൽ മുസ്‌ലിമീന്** നേരിട്ട് ബന്ധമൊന്നുമില്ല. എന്നാൽ പകർന്ന് കിട്ടിയ ആശയ ബാന്ധവമുണ്ട് താനും.

അബൂ ഈസ അർറിഫാഈ എന്ന ഫിലസ്ത്വീൻ വംശജനായ ഒരു ഡോക്ടറായിരുന്നു അഫ്ഗാനിൽ രൂപം കൊണ്ട **ജമാഅതുൽ മുസ്‌ലി**മീന്റെ ഖലീഫയായി പ്രഖ്യാപിക്കപ്പെട്ടത്. പ്രസ്തുത സംഘത്തിന് താത്വിക പിന്തുണ നല്കിയത് അബൂ അയ്യൂബ് അൽ ബർഖാവി എന്ന സുഡാനിയും, പ്രായോഗിക രൂപ ഘടന നല്കിയത് അമേരിക്കൻ പൗരനായ അബൂ ഉഥ്മാൻ എന്ന ഫിലസ്ത്വീനിയുമായിരുന്നു. ജമൈക്കക്കാരനായ അബൂ ഫയ്സ്വലായിരുന്നു സംഘടനക്ക് ഭ്രാന്തൻ ആശയങ്ങൾ പകർന്ന് നൽകിയ മറ്റൊരാൾ. ഈ സംഘം **ജമാഅതുൽ ഖിലാഫ** എന്ന പേരിലും അറിയപ്പെട്ടു. അഫ്ഗാൻ പിടിച്ചടക്കിയ **ത്വാലിബാൻ 1.0**

അവരുടെ താവളങ്ങൾ തകർക്കുകയും അഫ്ഗാനിൽ നിന്നവരെ തുരത്തി ഓടിക്കുകയും ചെയ്തു.

അജ്ഞരുടെ സമ്പൂർണ രൂപമായിരുന്നു **ജമാഅതുൽ ഖിലാഫ** എന്ന **ജമാഅതുൽ മുസ്‌ലിമീൻ**. അഹ്‌ലുൽ ബയ്തിലെ ആരെങ്കിലും ഒരാൾക്ക് ബയ്അത് ചെയ്താൽ അത് നിയമാനുസൃത ഖിലാഫത് ആയിത്തീരുമെന്ന് ഈ അവർ വാദിച്ചു, **ദാഇശും**. ഈ ഇരുസംഘത്തിനും ശീഅയുടെയും ഖവാരിജിന്റെയും മൻഹജുമായുള്ള ബന്ധമാണ് ഇവരെ ഇരുകൂട്ടരുടെയും വളരെ അടുത്ത് നിന്ന് അറിയുകയും, അവരുമായി ആശയപരമായി സംവദിക്കുകയും, **അഹ്‌ലുസ്സുന്ന**യുടെ മൻഹജിലേക്ക് അവരെ നിരന്തരം ക്ഷണിക്കുകയും ചെയ്ത ശയ്ഖ് അബൂ ഖതാദ ഇവിടെ വിവരിക്കുന്നത്. പ്രസ്തുത സംഘങ്ങളുടെ സാമ്യതകളും വഴികേടും വ്യക്തമാക്കുകയാണ് അദ്ദേഹം. അതിന്റെ മലയാള ആവിഷ്കാരമാണ് വരും താളുകളിൽ.

-- അബൂ ഗസ്‌വ

21 റബീഉൽ ആഖിർ 1447, 22 സെപ്തംബർ 2025

ഇസ്‌ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് ആൻഡ് സിറിയ / ദാഇശ് (ബഗ്ദാദിയ്യൂൻ / അവാദിയ്യ) എന്ന സംഘം ഇറാഖിലെയും സിറിയയിലെയും ഭാഗങ്ങളിൽ ഖിലാഫത് പ്രഖ്യാപിച്ചപ്പോൾ ശയ്ഖ് അബൂ ഖതാദ അൽ ഫിലസ്ത്വീനി അതിന്റെ നിയമസാധുത ചോദ്യം ചെയ്തുകൊണ്ടും, അവരിലെ വഴികേട് വ്യക്തമാക്കിക്കൊണ്ടും മുസ്‌ലിംകളോട് പൊതുവിലും, മുജാഹിദീനോട് പ്രത്യേകിച്ചും വിശദീകരിക്കുകയുണ്ടായി. ജോർദാനിലെ ജയിലിൽ നിന്ന് 2014 ൽ അദ്ദേഹം എഴുതിയ മുന്നറിയിപ്പ് അടങ്ങുന്ന സന്ദേശത്തിൽ **അദ്ദൗലതുൽ ഇസ്‌ലാമിയ്യ (islamic state)** യിലേക്ക് നയിച്ച സംഭവ വികാസങ്ങളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ദാഇശിന്റെ മുൻഗാമിയായ **ജമാഅതുൽ ഖിലാഫ (ജമാഅതുൽ മുസ്‌ലിമീൻ)** യുടെ അഖീദയും ശീഅയും ഖവാരിജുമായും അവരുടെ സാമ്യതയും അദ്ദേഹം വിവരിക്കുന്നു.

ഇസ്‌ലാമിക് സ്റ്റേറ്റ് എന്ന സംഘവും അവരുടെ നേതൃത്വവും തങ്ങൾ ഇസ്‌ലാമിക സമുദായ (ഉമ്മ) മാണെന്നും, ഇസ്‌ലാമിക ഖിലാഫത് ആണെന്നും അവകാശപ്പെടുന്ന കാര്യം ഇന്ന് എല്ലാവർക്കുമറിയാം. ലോകത്ത് അങ്ങോളമിങ്ങോളമുള്ള മുസ്‌ലിംകളോട് തങ്ങളുടെ നേതൃത്വത്തെ അംഗീകരിക്കാനും, തങ്ങൾക്ക് അനുസരണ പ്രതിജ്ഞ (ബയ്അത്) ചെയ്യാനും അവർ ആഹ്വാനം ചെയ്യുന്നു. സിറിയയിലെ പോരാളികളായ സഹോദരങ്ങളെയും അവർ ഇതിലേക്ക് വിളിക്കുന്നുവെന്ന വിവരവും നമുക്ക് ലഭിച്ചിട്ടുണ്ട്.

അവരെ സംബന്ധിച്ച ശറഇയായ നിലയും പദവിയും നിലപാടും എന്തെന്ന് വിശദീകരിക്കണമെന്ന് നമ്മോട് അടുപ്പമുള്ള പലരും പലപ്പോഴും നമ്മോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അതിന് മുമ്പ്, ഈ സംഘവും ജബ്ഹതുന്നുസ്വ്റയും തമ്മിലുള്ള ഭിന്നത തീർക്കാൻ കോടതി സമക്ഷം ഹാജരാകാൻ ആവശ്യപ്പെട്ടപ്പോൾ, തങ്ങൾ ഒരു രാഷ്ട്രമാണെന്നും, രാഷ്ട്രം തന്നെ കോടതി വ്യവഹാരങ്ങളിൽ കക്ഷി ചേരുകയെന്നതിന് ശരീഅതിലും ചരിത്രത്തിലും തെളിവുകളില്ലെന്ന് പറഞ്ഞ് കോടതി തീർപ്പുകളിൽ നിന്നവർ വിട്ടുമാറി നിന്നപ്പോൾ, അവരെ കുറിച്ച ഇസ്ലാമികമായ നിലപാട് വ്യക്തമാക്കണമെന്ന് ക്ഷമാലുവായ നമ്മുടെ സഹോദരൻ ശയ്ഖ് അബൂ മുഹമ്മദ് ആസ്വിം അൽ മഖ്ദിസീയും എന്നോട് ആവശ്യപ്പെട്ടിരുന്നു.

യഥാർഥത്തിൽ അവരുടെ അവകാശവാദം വ്യാജവും വഴികേടുമാണ് ..!

ഈ സംഘത്തിലേക്ക് വഴികേട് വന്നെത്തിയ രണ്ട് രൂപങ്ങളെ കുറിച്ച് എന്നെ സമീപിച്ച സഹോദരങ്ങളോട് ഞാൻ എന്നും പറഞ്ഞിട്ടുണ്ട്.

അജ്ഞതയുടെ മൂർത്ത രൂപമായ ജമാഅതുൽ ഖിലാഫ എന്ന സംഘം മുട്ടയിൽ നിന്ന് വിരിഞ്ഞു പുറത്ത് വരവ് തന്നെ, മുസ്‌ലിം സമുദായത്തിൽ നിന്ന് ഏതെങ്കിലും ഒരാൾ പ്രവാചക കുടുബ (അഹ്‌ലുൽ ബയ്ത്) ത്തിൽ പെട്ട ഒരാൾക്ക് ബയ്അത് ചെയ്താൽ അത് ശറഇയായ ഖിലാഫത് ആയിരിക്കുമെന്ന വിതണ്ഡവാദം ഉയർത്തുകയുണ്ടായി. പൈശാചികമായിരുന്നു അവരുടെ വാദങ്ങളോരോന്നും.

അഫ്ഗാനിസ്താനിൽ രൂപം കൊണ്ട ജമാഅതുൽ ഖിലാഫ എന്ന ഈ സംഘം ജമാഅതുൽ മുസ്‌ലിമീൻ എന്ന പേരിലും അറിയപ്പെട്ടിരുന്നു. പിന്നീട് ലണ്ടനിലേക്ക് ചേക്കേറിയ ഇതിന്റെ നേതാവ് അബൂ ഈസ അർറിഫാഈ താൻ ഖലീഫയാണെന്ന് അവകാശപ്പെട്ടിരുന്നു.

പ്രസ്തുത സംഘവുമായി നാം സുദീർഘ സംവാദങ്ങളിൽ തന്നെ ഏർപ്പെട്ടിരുന്നു. (ലണ്ടനിലെ തന്റെ പ്രവാസ ജീവിതത്തിനിടക്ക് ശയ്ഖ് അബൂ ഖതാദയും അബീ വലീദ് അൽ അൻസാരിയും മറ്റുള്ളവരും ജമാഅതുൽ ഖിലാഫയുടെ നേതാക്കളായ അബൂ ഈസ അർറിഫാഈ, അബൂ അയ്യൂബ് അൽ ബർഖാവി തുടങ്ങിയവരുമായി പലവട്ടം സംവാദങ്ങൾ നടത്തിയിട്ടുണ്ട്. ലണ്ടനിലെ മഖ്‌രീസി ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ഹാനി അസ്സിബാഇയായിരുന്നു ചർച്ച നിയന്ത്രിച്ചിരുന്നത്. ജമാഅതുൽ

ഖിലാഫയുടെയും ഖവാരിജിന്റെയും അവകാശവാദങ്ങളുടെയും മുനയൊടിച്ച പ്രസ്തുത സംവാദങ്ങളുടെ വീഡിയോകൾ മഖ്രീസി ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയിട്ടുണ്ട്. അത് ഇന്റർനെറ്റിൽ ലഭ്യമാണ്. അവർക്കിടയിൽ 1997ൽ ലണ്ടനിലെ ഫിൻസ്ബറി പാർക്കിൽ നടന്ന സംവാദം സുപ്രസിദ്ധമാണ്. - **അബൂ ഗസ്വ**). അവരുടെ വിവരക്കേട് ഏതൊരു പ്രാഥമിക പഠിതാവിന് പോലും സുവ്യക്തമായിരുന്നു. വിജ്ഞരായ വിദ്യാർഥികൾക്ക് അവരുടെ അവകാശവാദത്തിലെ അജ്ഞതയും വിഡ്ഢിത്തരവും സംബന്ധിച്ച ഉൾക്കാഴ്ചയുണ്ട് താനും. അവരുടെ ഖലീഫയെ കുറിച്ച എന്റെ അവസാന പ്രസ്താവനയിലും അവർ റാഫിദയുടെയും ഖവാരിജിന്റെയും വഴികേടിന്റെ സങ്കലനമാണെന്ന് ഞാൻ പറഞ്ഞിരുന്നു.

ഒന്ന്: നിലവിലില്ലാത്ത ഒരാളെ തങ്ങളുടെ ഇമാമായി കൊണ്ടുനടക്കുന്ന റവാഫിദയോട് ഇവരുടെ നിലപാട് സാമ്യത പുലർത്തുന്നു. റവാഫിദയുടെ പന്ത്രണ്ടാമത്തെ ഇമാമായ മുഹമ്മദ് ബിൻ അൽ ഹസൻ അൽ അസ്കർ നിലവിൽത്തന്നെയില്ലാത്ത ഒരു വ്യക്തിയാണ്. അവരുടെ ആ നിലപാടിനെ നിരൂപിച്ച് കൊണ്ട് പണ്ഡിതന്മാർ ധാരാളം എഴുതിയിട്ടുണ്ട്. ഇമാം ഇബ്നു തയ്മിയ്യയുടെ മിൻഹാജുസ്സുന്നതിന്നബിയ്യ വായിക്കുന്ന ഏതൊരാൾക്കും ഈ യാഥാർത്ഥ്യം മനസ്സിലാവും.

ഇമാമതിനെ കുറിച്ച അഹ്ലുസ്സുന്നയുടെ നേതാക്കൾ നൽകിയ വ്യാഖ്യാനങ്ങളിൽ നിന്ന് അവരുടെ നിലപാടുകളിലെ വഴികേടും അപഭ്രംശവും ശരീഅതിന്റെ വെളിച്ചത്തിൽ വ്യക്തമാവും.

ഇമാമതുമായി ബന്ധപ്പെട്ട യാഥാർത്ഥ്യത്തെ കുറിച്ച് ഞാൻ അവരോട് പറയുമായിരുന്നു. ഖിലാഫത് എന്നത് ഒരു യാഥാർത്ഥ്യത്തിന്റെ പേരാണ്. അത് അയുക്തികമല്ല. ഇല്ലാത്ത ഒന്നിന്റെ മേൽ അടയിരുന്നുകൊണ്ട് അതിനെ ശരീഅതിന്റെ അടിസ്ഥാനത്തിൽ യാഥർത്ഥ്യമെന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുന്ന അവരുടെ നിലപാടിന് റവാഫിദയുടെ നിലപാടിനോടുള്ള സാമ്യത ഞാൻ ചൂണ്ടിക്കാണിച്ചു. അതിനുള്ള അവരുടെ മറുപടി നാം പറയുന്ന ഉപാധികളൊന്നും ഇമാമതിന്റെ ഉപാധിയിൽപ്പെട്ടതല്ല എന്നായിരുന്നു. അതിന് തെളിവായി അവർ ഈ പ്രവാചക വചനം ഉദ്ധരിച്ചു.

كل شرط ليس في كتاب الله فهو باطل، ولو كان مائة شرط

അല്ലാഹുവിന്റെ ഗ്രന്ഥത്തിലില്ലാത്ത ഏതൊരു ഉപാധിയും വ്യാജമാണ് (ബുഖാരി).

ഖിലാഫത്, ഇമാമത്, ഇമാറത് തുടങ്ങിയവയുടെ യാഥാർത്ഥ്യം അവർക്ക് വിവരിച്ചു കൊടുക്കാനുള്ള എല്ലാ ശ്രമങ്ങളും ഞാൻ നടത്തുകയുണ്ടായി. ഇവയുടെ പൊരുളുകളുമായി യോജിക്കാതെ ശരീഅതിന്റെ സാങ്കേതികതയോടും യോജിക്കാനാവില്ല. ഇക്കാര്യം ഏതൊരു കുഞ്ഞിനും മനസ്സിലാവുന്നതാണ്. അവരുടെ തത്വശാസ്ത്രവും വാദവും യുക്തിഭദ്രമായിരുന്നില്ല.

അവരോടൊപ്പം പല സഭകളിലും ഇരിക്കേണ്ടി വന്നപ്പോഴൊക്കെ അവരുടെ അവകാശവാദങ്ങൾ അംഗീകരിക്കാൻ അവരെന്നെ നിർബന്ധിച്ചിട്ടുണ്ട്. നിങ്ങൾ മാത്രമാണ് മുസ്‌ലിം സമുദായ (ഉമ്മ) മെന്ന് പറയാതെ മുസ്‌ലിം സമുദായത്തിന്റെ ഭാഗം മാത്രമാണ് നിങ്ങളെന്ന് സമ്മതിക്കുകയാണെങ്കിൽ അക്കാര്യങ്ങൾ പരിഗണിക്കാവുന്നതാണെന്ന് ഞാനവരോട് പറഞ്ഞു. സാങ്കല്പികതക്ക് നിങ്ങൾ ശറഇയായ പേര് നൽകുകയാണെങ്കിൽ നിങ്ങൾ റാഫിദയാണെന്ന് ഞാനവരോട് വ്യക്തമാക്കി. റവാഫിദയുടെ സമ്പ്രദായവും രീതിയുമാണത്. ഇല്ലാത്ത ഒരു ഇമാമിന്റെ പേരിൽ ഇമാമത് കെട്ടിയേൽപ്പിച്ച് ഇരിക്കുകയാണവർ.

രണ്ട്: ഖവാരിജുമായുള്ള അവരുടെ സാമ്യത, ഖാവാരിജിന്റെ ഏറ്റവും ദുഷിച്ച സവിശേഷത അവർ സ്വന്തമാക്കിയെന്നതാണ്. അവരോട് യോജിക്കാത്ത എല്ലാവരേയും അവർ കാഫിറാക്കുന്നു.

തങ്ങളുടെ ഖലീഫക്ക് ബയ്അത് ചെയ്യാത്ത എല്ലാവരും കാഫിറാണെന്ന് അവരുടെ നിയമജ്ഞർ വ്യക്തമാക്കിയിട്ടുള്ള കാര്യം പ്രബലവും സുവ്യക്തവുമായ രീതിയിൽ നമ്മിലേക്ക് എത്തപ്പെട്ടിട്ടുണ്ട്. അങ്ങനെ ഒരു വിശ്വാസം ഇപ്പോൾ തങ്ങൾക്കില്ലെന്നാണ് അവർ ഇപ്പോൾ പറയുന്നത്. അഥവാ തങ്ങളിൽ ആരെങ്കിലും അങ്ങനെ കരുതുന്നുവെങ്കിൽ തങ്ങൾ ആ വാദത്തെ പിന്തുണയ്ക്കുന്നില്ലെന്നും അവർ കൂട്ടിച്ചേർക്കുന്നു അവരുടെ ഈ വിശ്വാസം നിമിത്തം ആരംഭത്തിൽ തന്നെ അവർ ധാരാളം മുസ്ലിംകളെ കൊന്നൊടുക്കുകയും മുസ്ലിംകളുടെ സമ്പത്ത് കൊള്ളയടിക്കുകയും ചെയ്തിട്ടുണ്ട്.

അവരുടെ അത്തരം പ്രവർത്തികളെ വിശകലനം ചെയ്യാനുള്ള ഇടമല്ലിത്. ഞങ്ങൾക്കിടെയുള്ള ചർച്ചകൾ അവിടെ അവസാനിച്ചു. ഞാൻ എന്റെ നിലപാടിൽ തന്നെ തുടരുകയും ചെയ്തു.

എന്റെ അറിവിനെ പുച്ഛിക്കുകയും എന്നിൽ കുഫ്ർ ആരോപിക്കുകയും ചെയ്തു അവരുടെ അനുയായികൾ. അവരിൽ പെട്ട ഒരാൾ എന്നിൽ നിരന്തരം കുഫ്ർ ആരോപിക്കുകയും ജനങ്ങൾ ഒത്തുചേരുന്ന എല്ലായിടത്തും,

മസ്ജിദുകളിൽ വരെയും അത് പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. (അബൂ ഉമർ അൽ കുവയ്തിയെ കുറിച്ചാണ് സൂചന. ജമാഅതുൽ ഖിലാഫയിലെ പ്രമുഖ വ്യക്തിയായിരുന്നു അദ്ദേഹം. പിന്നീട് ദാഇശിൽ ചേർന്ന അദ്ദേഹം ബഗ്ദാദിയെയും അദ്ദേഹത്തിന്റെ സംഘമായ ദാഇശിനെ തന്നെയും തക്ഫീർ ചെയ്തു. പിന്നീട് ദാഇശ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തിരുന്നു - **അബൂ ഗസ്വ**).

അങ്ങനെയിരിക്കെ നമ്മുടെ മുതിർന്നവരിൽ ആദരണീയനായ ശയ്ഖ് അബൂ ഇയാദ് എന്റെ അനുവാദമോ സമ്മതമോ കൂടാതെ ഞങ്ങൾക്കിടയിൽ ഒരു സമാഗമം സംഘടിപ്പിച്ചു. എന്നെക്കുറിച്ച് അങ്ങനെ പറഞ്ഞ് പ്രചരിപ്പിച്ച് കൊണ്ടിരുന്ന ആ വ്യക്തി അവരിലെ മുതിർന്ന നേതാക്കളിൽ ഒരാളായിരുന്നു. എന്നിൽ കുഫ്ർ ആരോപിക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്തിരുന്നുവെങ്കിലും ഞാനുമാഅ ഒരു സമാഗമം സദാ ഒഴിവാക്കുകയും ചെയ്തിരുന്നു അദ്ദേഹം. അങ്ങനെ അബൂ ഇയാദിന്റെ വീട്ടിൽ വെച്ച് അദ്ദേഹത്തെ കാണാൻ ഞാൻ ചെന്നു. ഞാൻ സ്വയം പരിചയപ്പെടുത്തുന്നത് വരെ അദ്ദേഹം എന്നെ തിരിച്ചറിഞ്ഞിരുന്നില്ല.

ഞാൻ എന്നെ പരിചയപ്പെടുത്തിയതോടെ അദ്ദേഹം ആ കൂടിക്കാഴ്ചയിൽ നിന്ന് ഒഴിഞ്ഞ് പുറത്തു കടക്കുവാൻ ശ്രമിച്ചു. മഹാമനസ്കനായ ആ വീട്ടുടമ അദ്ദേഹത്തെ അവിടെത്തന്നെ ഇരിക്കാൻ നിർബന്ധിച്ചു. അപ്പോഴെല്ലാം ജമാഅതുൽ ഖിലാഫയുടെ ആ മുതിർന്ന വ്യക്തി എന്നെ കാഫിറാക്കുകയല്ലാതെ അതിനൊരു ന്യായീകരണവും മുന്നോട്ട് വെക്കുന്നുണ്ടായിരുന്നില്ല. അജ്ഞതയല്ലാതെ മറ്റൊന്നും ഞാൻ അദ്ദേഹത്തിൽ കണ്ടില്ല. അദ്ദേഹം

വിയർക്കാൻ തുടങ്ങിയതോടെ എനിക്ക് ഖേദവും സഹതാപവും തോന്നി. കൂടിക്കാഴ്ച മതിയാക്കി അദ്ദേഹത്തിന് മടങ്ങിപ്പോകാൻ അനുവാദമേകാൻ ഞാൻ വീട്ടുടമക്ക് സമ്മതം നൽകി. അങ്ങനെ അദ്ദേഹം തിരിച്ച് പോയി.

ശരീഅത് അല്ലാത്തത് കൊണ്ട് വിധികല്പിക്കാൻ ഞാൻ അനുവാദമേകിയെന്നതാണ് എന്നെ തക്ഫീർ ചെയ്യാനുള്ള കാരണമായി അദ്ദേഹം പറഞ്ഞത്. ഒരിക്കൽ, ഒരു ചോദ്യത്തിന് മറുപടിയായി, അക്രമത്തിന് ഇരയാകുന്നവർ അതിൽ നിന്ന് രക്ഷനേടാൻ സഹായം തേടുന്നത് ഇസ്തിൻസ്വാർ (استنصار) ലാണ് പെടുക, വിധിതീർപ്പി (تحاكم) ലല്ല എന്ന് ഞാൻ വ്യക്തമാക്കുകയുണ്ടായി. അഭിപ്രായങ്ങളിലൊ പൊരുളുകളിലോ പോലും അത് തഹാകുമിൽ വരുന്നില്ല. എന്നാൽ ഞാൻ പറഞ്ഞതൊന്നും അദ്ദേഹത്തിന് മനസ്സിലായില്ല.

ആ വ്യക്തി ഇന്ന് ദാഇശിന്റെ കൂടെയാണെന്ന് ശയ്ഖ് അബൂ മുഹമ്മദ് അൽ മഖ്ദിസീ എന്നോട് പറഞ്ഞിട്ടുണ്ട്. തന്നോട് വിയോജിച്ചവരെ തക്ഫീർ ചെയ്തതിന്റെ പേരിൽ ഇന്നദ്ദേഹം ജയിലിലാണ്. ജമാഅതുൽ ഖിലാഫ എന്ന സംഘം ദാഇശിൽ ലയിച്ചുവെന്നതിന് ഇതൊരു തെളിവായി കാണുക. ദാഇശ് അവരെ ഉൾക്കൊള്ളുകയും ചെയ്തു. ആദ്യം അവകാശപ്പെടുന്ന വ്യക്തിക്ക് ബയ്അത് ചെയ്യണമെന്ന ജമാതുൽ ഖിലാഫയുടെ ആശയം ദാഇശ് അംഗീകരിച്ചുവെങ്കിലും അവരുടെ ഖലീഫയെ അവർ സ്വന്തം ഖലീഫയായി അംഗീകരിച്ചില്ല. പകരം, അബൂബകർ ബഗ്ദാദിയെയാണ് അവർ ഖലീഫയായി അംഗീകരിച്ചത്.

ദാഇശിന്റെ വഴികേടിന്റെ പ്രഥമ സംഗതി ഇതായിരുന്നു.

ആ സംഘത്തിന് പുറത്തുണ്ടായിരുന്ന ചിലരും, അദ്ദൗല (state) ഭരണത്തിൽ ഉണ്ടായിരുന്ന പ്രദേശങ്ങളിലെ ചില വ്യക്തികളും ബാഗ്ദാദിയെ ബയ്അത് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് പ്രസ്താവനകൾ ഇറാക്കുകയും, അവർ പ്രഖ്യാപിച്ച ഖിലാഫതിനെ അംഗീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

കാര്യങ്ങൾ സൂക്ഷ്മമായി വിലയിരുത്തുന്നവരെ സംബന്ധിച്ചിടത്തോളം അവരുടെ അജ്ഞതയും സംക്ഷോഭവും ഇതിൽ വ്യക്തമായിരുന്നു.

എന്നാൽ ഈ വ്യക്തത അദ്ദൗല സംഘത്തിൽ ആർക്കുമുണ്ടായിരുന്നില്ല. അവർക്കും വിമർശകർക്കും ഇടയിലുള്ള പ്രശ്നത്തിൽ ശരീഅതിന്റെ തീർപ്പുകല്പന തള്ളിക്കളഞ്ഞ അവരുടെ പ്രസ്താവനകളെ വിലയിരുത്തുകയും, അതിസൂക്ഷ്മമായി മനസ്സിലാക്കുകയും ചെയ്തവർക്കല്ലാതെ അതൊന്നും തിരിച്ചറിയാനായതുമില്ല. നമ്മുടെ ശയ്ഖ് അബൂ മുഹമ്മദ് അൽ മഖ്ദിസീ അത് തിരിച്ചറിഞ്ഞവരിൽ ഒരാളായിരുന്നു. അദ്ദേഹം അവരുമായി ധാരാളം കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. അവരുടെ നിയമജ്ഞ (شارع) രുടെ വിവരക്കേടുകൾ അദ്ദേഹം പുറത്തുകൊണ്ടുവന്നു. ആ നിയമജ്ഞർ പറഞ്ഞത് 'ഇമാമത് ഇസ്ലാമിന്റെ അടിസ്ഥാനമാണ്. തക്ഫീറിന്റെയും ഈമാനിന്റെയും ദർശനമാണ്' എന്നാണ്.

ഈ സംഘത്തിന്റെ രണ്ടാമത്തെ പിഴവ് അദ്ദൗല (state) എന്നതിനോടുള്ള സമീപനമാണ്. തങ്ങളുടെ ഇടർച്ചയും വീഴ്ചയും അവർ തന്നെ പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട്. തീവ്രനിലപാടുകളുള്ള സംഘങ്ങളിൽ അവർ തക്ഫീരികളെന്ന് മുദ്രകുത്തപ്പെടുന്നു.

അവരിലെ ചിലർ തുടക്കത്തിൽ തന്നെ ജിഹാദിൽ പങ്കെടുക്കാനായി യുദ്ധഭൂമികളിലേക്ക് സഞ്ചരിച്ചു. അവരിൽ ചില പേരുകൾ എനിക്കറിയാം. തങ്ങളുടെ എഴുത്തുകളും പ്രസംഗങ്ങളും മുഖേന അവർ പലരുടെയും തലച്ചോറിൽ പൈശാശാചികത കുത്തി നിറച്ചു. പുതുതലമുറയിലെ യുവാക്കളിൽ പലരെയും അവർ മസ്തിഷ്ക പ്രക്ഷാളനം ചെയ്തു. അവരുടെ തലയിൽ പാഷാണം നിറച്ചു. അജ്ഞതയുടെ ചാരക്കൂട്ടിൽ നിന്ന് നിന്ന് പൊടുന്നനെ അവർ ഉയർത്തെഴുന്നേറ്റു. അത്തരം യുവാക്കളിൽ പലരും സ്വന്തം നാട് വിട്ട് യുദ്ധഭൂമിക്കളിൽ ചേക്കേറി. അനുധാവനം ചെയ്യപ്പെടേണ്ട ഒന്നാണ് ദീൻ എന്നതിനെ കുറിച്ച് പോലും അജ്ഞരായിരുന്നു അവർ. അവരിൽ പ്രവാചകചര്യ പിന്തുടരാൻ സാധിച്ചവർ നേർമാർഗത്തിലായി. അല്ലാത്തവർ സൃഷ്ടിച്ച കുഴപ്പങ്ങൾ പൂർവസൂരികൾ വിവരിച്ചത് പോലെയുള്ളത് തന്നെയായിരുന്നു.

ഇക്കാരണത്താൽ അവരുടെ അനുയായികളിൽ വലിയൊരു വിഭാഗവും ജഹാലതിലാണെന്ന് നമുക്ക് കാണാനാകും. അവർ ദീനിലേക്ക് കടന്നു വന്നിട്ടേ ഉണ്ടായിരുന്നുള്ളൂ. ദീനി വിജ്ഞാനങ്ങളും വിഷയഗ്രാഹ്യവും നേടാനുള്ള പ്രാപ്തി അവർ തെല്ലും ആർജിച്ചെടുത്തിട്ടുമുണ്ടായിരുന്നില്ല.

ശരീഅത് നടപ്പിലാക്കുകയെന്നത് ഫിഖ്ഹിലെ ഏറ്റവും ദുഷ്കരമായ സംഗതിയാണെന്ന് ജ്ഞാനികൾ മനസ്സിലാക്കിയിട്ടുള്ള യാഥാർത്ഥ്യമാണ്. അതിന്റെ നിർവ്വഹണം ഫഖീഹ് നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ്.

അതുകൊണ്ട് തന്നെ വ്യക്തികളിലും സമൂഹങ്ങളിലും ഈമാനിന്റെയും കുഫ്റിന്റെയും വിധിതീർപ്പ് നടത്താനുള്ള അധികാരം, ശുദ്ധിയുടെയും വെള്ളത്തിന്റെയും വുദുവിന്റെയും നിസ്കാരത്തിന്റെയും നിയമനങ്ങൾ പോലും യഥാവിധി മനസ്സിലാക്കിയിട്ടില്ല അജ്ഞരായ ഇവരുടെ ഹസ്തങ്ങളിൽ എങ്ങനെയാണ് ഏൽപ്പിച്ച് കൊടുക്കുക?

വ്യക്തികളെയും സമൂഹങ്ങളെയും കാഫിറാക്കാൻ അവർ എന്റെ ഫത്വകൾ ഉപയോഗപ്പെടുത്തുന്നുവെന്ന വിവരവും എനിക്ക് ലഭിച്ചിട്ടുണ്ട്. ചിലർ പറയുന്നത്, എന്റെ പ്രസ്താവനകളാണ് കുഴപ്പങ്ങളുടെയൊക്കെ നിദാനമെന്നാണ്. ഞാനാണ് അവരെ വഴിപിഴപ്പിച്ചതെന്നാണ്.

പൊതുതത്വങ്ങളിൽ അടിസ്ഥാനമായ ഏതൊരു ദീനി വാക്യവും ആർക്കും എങ്ങനെയും ഉപയോഗപ്പെടുത്താനാകുമെന്ന വസ്തുത അവർ മറന്ന് പോകുന്നു. തങ്ങളുടെ വാദത്തിന് ഖവാരിജ് തെളിവായി ഉപയോഗിച്ചത് തന്നെ ഖുർആൻ സൂക്തങ്ങളായിരുന്നുവല്ലോ. എന്നാൽ, ഈ തത്വം ഏതേത് ഉപാധികളും നിയന്ത്രണങ്ങളും മുൻനിർത്തി ഉപയോഗിക്കുന്നു എന്നതനുസരിച്ചാണ് നേർമാർഗത്തിലാവുന്നതും വഴിപിഴവ് സംഭവിക്കുന്നതും

ജനങ്ങൾക്കിടയിൽ വേർതിരിവ് ഉണ്ടാവുന്നതും. ഓരോരുത്തരുടെയും പദവി അവരവരുടെ അറിവും ദീനി നിലപാടുമനുസരിച്ച് വ്യത്യസ്തമായിരിക്കും.

അസൂയക്കാരും ദ്രോഹബുദ്ധികളുമായവരെ കുറിച്ച് പറഞ്ഞ് സമയം വിനഷ്ടമാക്കാനുള്ള അവസരമല്ലിത്. അല്ലായിരുന്നുവെങ്കിൽ ഇനിയും പലതും പറയാനുണ്ടായിരുന്നു.

എന്നെ അടുത്തറിയുകയും, എന്റെ വാക്കുകളും പ്രസ്താവനകളും വിശകലനം ചെയ്യുകയും ചെയ്യുന്നവർക്ക് ആളുകൾ എന്നെ കുറിച്ച് പറയുന്ന വ്യാജങ്ങളും, എന്റെ വിശ്വാസ പ്രമാണങ്ങളും നന്നായി അറിയാം. വ്യക്തികളെയും സംഘടനകളെയും തക്ഫീർ ചെയ്യുന്ന കാര്യത്തിൽ ലാഘവ സമീപനം സ്വീകരിക്കുന്ന ആളല്ല ഞാനെന്നും എന്നെ അടുത്തറിയുന്നവർക്കറിയാം. അത്തരം ജഹാലതുകൾ ജിഹാദി സംഘങ്ങളിലേക്ക് കടന്നുവരുന്നത് തടയുവാൻ ഞാൻ എന്നും ശ്രദ്ധിച്ചിട്ടുണ്ട്. അത്തരം സംഗതികൾക്കെതിരെ പലപ്പോഴും പടപൊരുതിയിട്ടുണ്ട്.

ഇപ്പോൾ പതിമൂന്ന് വർഷങ്ങളായി ഞാൻ ജയിലിലാണ്. ജിഹാദിന്റെ കവാടം സംരക്ഷിച്ചു പോന്ന പലർക്കും യാത്രയുടെ ആദ്യഘട്ടത്തിൽ തന്നെ തടവറകളിലേക്ക് പോകേണ്ടി വന്നു. മറ്റു ചിലർ രക്തസാക്ഷിത്വം കൊണ്ട് അനുഗ്രഹിക്കപ്പെട്ടു. ഇതിന്റെ പ്രകൃതം മനസ്സിലാക്കുകയും ഈ മാർഗത്തിന്റെ അടിസ്ഥാനം തിരിച്ചറിയുകയും ചെയ്ത

വിരലിലെണ്ണാവുന്ന ചിലർ അഭയാർഥികളുമായി.

ഈ യാത്രയിൽ ബിദ്അതും വഴികേടും അധികരിച്ചു കൊണ്ടിരുന്നു. തീവ്രനിലപാടുകളും അതിവാദവും സ്വീകരിച്ച ജമാഅതുൽ ഖിലാഫ പോലുള്ളവ രംഗത്ത് വന്നു.

തീവ്രചിന്തയും വഴികേടുമായി എത്തിയവരിൽ ഏറിയ പങ്കും വിദേശികളായിരുന്നു. യുക്തിബോധമില്ലായ്മയും തീവ്രതയും അവരുടെ നിലപാടുകളിൽ വ്യക്തമായിരുന്നു. അതുകൊണ്ട് തന്നെ ദിവസം തോറും പുതിയ പുതിയ വാർത്തകൾ പുറത്തുവരുന്നതിൽ ആശ്ചര്യകരമായി ഒന്നുമുണ്ടായിരുന്നില്ല.

നാം യുദ്ധത്തിലല്ലായിരുന്നുവെങ്കിൽ നീതിപൂർവ്വം കാര്യങ്ങൾ വ്യക്തമാക്കുക എളുപ്പമാകുമായിരുന്നു. എന്നാൽ യുദ്ധത്തിൽ കഴിവും സമയവും ചെലവഴിക്കപ്പെടുന്നതിനാൽ ഇതേക്കുറിച്ച ചർച്ച നീതിപൂർവ്വം നിർവഹിക്കാനാവുന്നില്ല.

എന്നാൽ ഒഴിഞ്ഞ് കുത്തിയിരിക്കുന്ന ഈ ജാഹിലുകൾ പ്രസ്താവനകൾ നടത്തിക്കൊണ്ടിരിക്കുകയും, തങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് ഓരോന്ന് പ്രചരിപ്പിച്ച് കൊണ്ടിരിക്കുകയുമാണ്. അവർക്ക് തന്നെ അറിയാം, തങ്ങൾ ഇസ്ലാമിന്റെ ശത്രുക്കൾക്ക് ഉപയോഗപ്രദമായ ഉപകരണങ്ങളായി മാറിക്കഴിഞ്ഞിട്ടുണ്ടെന്ന്.

വിശ്വാസികൾക്കെതിരെയുള്ള ഈ നീക്കങ്ങൾ ആമോദത്തോടെയാണ് ശത്രുക്കൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഈ ജാഹിലുകളുടെ തീവ്ര നിലപാടുകൾ ചൂണ്ടിക്കാണിച്ച് ഒരു കൂട്ടർ ജിഹാദിന്റെ മാർഗത്തിൽ നിന്ന് ആളുകളെ തടയുകയാണ്. അല്ലാഹുവിന്റെ നീതിയും അവനോടുള്ള തഖ്വയും അടിസ്ഥാനമാക്കി പ്രവർത്തിക്കാത്തിടത്തോളം ഒരു ജീവിതവും മെച്ചപ്പെടുകയില്ല. വേദനിക്കുന്നവരും പ്രതീക്ഷയുള്ളവരുമായിക്കൊണ്ടാണ് ആളുകൾ പരിഹാരങ്ങളും മറുപടികളും തേടി നമ്മെ സമീപിക്കുന്നത്. കണ്ണുനീരും ആഗ്രഹങ്ങളുമല്ലാതെ ഒന്നും മറുപടിയായി നമുക്ക് നൽകാനുമില്ല.

ഇമാമത്, ഖിലാഫത്, ഇമാറത് എന്നിവയുടെ വിഷയം അഹ്ലുസ്സുന്നയിൽ ഒരു നവീന സംഗതിയേയല്ല. പണ്ഡിതന്മാർ മുൻപേ തന്നെ ഇവ്വിഷയത്തിൽ പൂർണമായി എഴുതിയിട്ടുണ്ട്. അതിന്റെ വിധി (ﺣﻜﻢ) യും കാഴ്ചപാടും, അതുമായി ബന്ധപ്പെട്ട സകലതും അവർ രേഖപ്പെടുത്തിയിട്ടുണ്ട്.

വലിയ ദുരന്തങ്ങൾ ഇസ്ലാമിക ചരിത്രത്തിൽ സംഭവിച്ചിട്ടുണ്ട്. ഖിലാഫത് അവകാശപ്പെടുന്നത് പോലുള്ള സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെ പണ്ഡിതന്മാർ അതേക്കുറിച്ചും എഴുതി. വഴികേടിന്റെ വഷളന്മാരും ബിദ്അതിന്റെ ആളുകളും സുന്നി ഖിലാഫതിന് വിരുദ്ധമായി കാര്യങ്ങൾ അവതരിപ്പിച്ചതിനാൽ ഖിലാഫതിന്റെ വിഷയം ഇതിന് കീഴിലുള്ളതാക്കി.

ജമാതുൽ ഖിലാഫയിൽ നിന്ന് പൊട്ടിമുളക്കുകയും, പിന്നീട് ദൗലയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്ത വഴികേടാണ് ഖിലാഫതിന്റെ പേരിൽ ബിദ്അതും വഴികേടും സൃഷ്ടിക്കുന്നത്. ഇസ്ലാമിക ശാസ്ത്രങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ രീതിയാണ് അവർ അവലംബിച്ചത്. തങ്ങളുടെ പഴയ സ്രോതസ്സുകളിൽ അവർ പറഞ്ഞുവെച്ചതിന്റെ പുതിയ കർമരൂപമാണ് ദൗല. മറ്റുള്ളവർക്ക് വിനഷ്ടമായ ഒരു യാഥാർത്ഥ്യത്തിലേക്ക് തങ്ങൾ വഴിനടത്തപ്പെട്ടുവെന്നതാണ് അവർ അവകാശപ്പെടുന്നത്. അവ്വിഷയത്തിൽ എല്ലാ സംഘങ്ങളും ദുഷിപ്പിലായിരുന്നു, പ്രത്യേകിച്ചും ജിഹാദി സംഘങ്ങൾ; കാരണം ഖിലാഫതിന്റെ കാഴ്ചപ്പാടും ഇമാമതിന്റെ സങ്കല്പം അവർക്കില്ലായിരുന്നുവെന്ന് അവർ പറയുന്നു.

നമുക്കിടയിലുള്ള അഭിപ്രായാന്തരങ്ങൾ തീർക്കാനുള്ള ഒരേയൊരു മാർഗം ഖിലാഫത് പ്രഖ്യാപിക്കൽ മാത്രമാണെന്ന്, വിവേകിയും വിജ്ഞനുമായ ഡോ. അയ്മൻ അദ്ദവാഹിരിക്കുള്ള മറുപടിയിൽ ദൗലയുടെ വക്താവ്, ജാഹിലായ അദ്നാനി, തങ്ങളുടെ ഖിലാഫത് പ്രഖ്യാപന വേളയിൽ പറഞ്ഞത്. മുസ്ലിംകളുടെ പ്രതീക്ഷയായിരിക്കും ഈ ഖിലാഫതെന്ന് അവർ പറഞ്ഞു. അവർ കണ്ടെത്തിയ ഈ പ്രശ്നമല്ലാതെ മറ്റെല്ലാം തന്നെ പരിഹരിച്ചു കഴിഞ്ഞുവെന്നാണ് അവർ അവകാശപ്പെട്ടത്.

സത്യം മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന സഹോദരങ്ങളോട് ഞാൻ പറയുന്നു, അവരുടെ ഖിലാഫത് പ്രഖ്യാപനം അവരുടെ ജഹാലതിന് എതിരെയുള്ള നമ്മുടെ സംഘർഷം അവസാനിപ്പിക്കുന്നില്ല. ബഗ്ദാദിയുടെയും അദ്നാനിയുടെയും ശക്തി അവരുടെ ഖിലാഫത് പ്രഖ്യാപനം കൊണ്ട് അധികരിക്കുകയോ, അവരുടെ ജഹാലത് അതുകൊണ്ട് ഇല്ലാതാവുകയോ ചെയ്യുന്നില്ല

ജിഹാദി സംഘങ്ങളെല്ലാം പൊതുവിൽ ഒരേ പാതയിലൂടെ സഞ്ചരിക്കുന്നവരാണ്. അവരിലെ പലരും ഒരൊറ്റ നേതൃത്വത്തിന് കീഴിലുമാണുള്ളത്. സാത്വികനും വിവേകിയുമായ ഡോ. അയ്മൻ അദ്വാഹിരിക്ക് ബയ്അത് ചെയ്തവരാണവർ. അതുകൊണ്ട് അതിന്നിടയിലേക്ക് ഖിലാഫത് എന്ന ഒരു പേര് കൊണ്ടുവരുന്നത് കൊണ്ട് മാത്രം അവരുടെ പദവിയും വിധിയും മാറുന്നില്ല. ശത്രുക്കളോടുള്ള പോരാട്ടവും അവസാനിക്കുന്നില്ല. പക്ഷേ, മുജാഹിദീന് ഇടയിൽ യുദ്ധങ്ങൾക്കും സംഘർഷങ്ങൾക്കും തീ കൊളുത്തുകയായിരുന്നു അവർ.

ജിഹാദി സംഘങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന യമൻ സോമാലിയ, അൽജീരിയ, കൗകസ്, അഫ്ഗാൻ, ഇറാഖ്, ശാം തുടങ്ങിയ പ്രദേശങ്ങളിലുള്ള പോരാളികളെയാണ് അവർ ഖിലാഫതിലേക്ക് ക്ഷണിച്ചത്, പൊതു മുസ്ലിം സമൂഹത്തെയല്ല. കച്ചവട ചരക്കുകളിൽ ഒരു മുന്തിയ ചരക്കായാണ് അവർ ഖിലാഫതിനെ കണ്ടത്. അതുകൊണ്ട് തന്നെ അവരിൽ തിന്മയല്ലാതെ മറ്റൊന്നുമില്ല. കാരണം, അതവരുടെ നേതൃത്വത്തിനും അവരുടെ അധികാരത്തിനും

വേണ്ടിയുള്ള യുദ്ധമാണ്. ഇസ്‌ലാമിക ചരിത്രത്തിലെ ഇദപ്രഥമമായ ഏറ്റവും നെറികെട്ട തിന്മയാണത്.

ചരിത്രത്തിലെ ഇസ്‌ലാമിക. മുന്നേറ്റങ്ങൾക്കിടയിൽ അനിഷ്ടകരമായ പലതും സംഭവിച്ചിട്ടുണ്ടെങ്കിലും അഭിമാനിക്കാൻ വകയുള്ളതും നമുക്കുണ്ടായിരുന്നു. എന്നാൽ ഈ പശ്ചാത്തലത്തിൽ എത്തിനിൽക്കുമ്പോൾ നമ്മുടെ കാഴ്ചകൾ മങ്ങുന്നു, കണ്ണുകളിൽ അന്ധകാരം നിറയുന്നു. അസൂയയും രക്തച്ചൊരിച്ചിലും വ്യാപകമാകുന്നു. ഇഹലോകത്തേക്ക് ധാരാളിത്വവും പരലോകത്തേക്ക് ശുഷ്കവുമായ കർമങ്ങൾ.

തങ്ങളുടെ വൈര്യവും ശത്രുതയും ഇസ്‌ലാമിന്റെ യഥാർഥ ശത്രുക്കളിൽ നിന്ന് ജിഹാദി സംഘങ്ങളുടെ നേതൃത്വങ്ങളിലേക്ക് അവർ മാറ്റിയെടുത്തു. അൽ ഖാഇദയുടെ രക്തം ചിന്തുന്നത് വിമത (ബുഗാത്) രോടുള്ള യുദ്ധമാണെന്നും, അതിനുള്ള ന്യായീകരണങ്ങൾ ഫിഖ്ഹുൽ ബുഗാതിൽ കണ്ടെത്താനാവുമെന്നും വിവരദോഷിയായ അദ്നാനി തന്റെ പ്രസ്താവനയിൽ പറഞ്ഞു വെച്ചു. ബയ്അത് ലംഘിച്ചവരെ വധിക്കാമെന്നും, അവരുടെ രക്തം അനുവദനീയമാണെന്നും, തങ്ങളുടെ ഇമാമിനോട് വിയോജിച്ചവരെ തക്ഫീർ ചെയ്യാമെന്നും പറയുന്ന നരകത്തിലെ നായ്ക്കളെ നാം കാണുന്നു. ചരിത്രത്തിൽ ജമാഅതുൽ ഖിലാഫ ചെയ്തത് പോലുള്ള അതേ വാക്കും പ്രവൃത്തിയും.

അദ്ദൗലയും ജമാഅതുൽ ഖിലാഫയുടെ അതേ പാതയിലാണ്. ഇവരുടെ അന്ത്യവും അവരുടേതിന് സമാനമായിരിക്കും.

(അതിദാരുണമായിരുന്നു അദ്ദൗലയുടേത്. സിറിയയിലെയും ഇറാഖിലെയും അവരുടെ താവളങ്ങൾ ലോകത്തിലെ സാമ്രാജ്യ ശക്തികളും സത്യനിഷേധികളും ബോംബ് വർഷങ്ങൾ നടത്തിയപ്പോൾ ലോകത്ത് ഒരിടത്ത് പോലും ആരും അവർക്ക് വേണ്ടി വിലപിച്ചില്ല. അത്രത്തോളം അക്രമങ്ങളായിരുന്നു അവർ ലോകത്ത് വിതച്ചത്. അവരുടെ ഫിത്നയെ തടയാൻ സിറിയയിലെയും ഇറാഖിലെയും ജിഹാദി സംഘങ്ങൾക്കായില്ലെങ്കിലും, അക്രമികളെ കൊണ്ട് അല്ലാഹു അവരെ ആ നാടുകളിൽ തടഞ്ഞു. അഫ്ഗാനിസ്താനിൽ താലിബാനും, യമനിലും ഉത്തര ആഫ്രിക്കയിലും അൽ ഖാഇദയും, സോമാലിയയിൽ അശ്ശബാബും അവരുടെ പടയോട്ടങ്ങൾ തകർത്തു. - **അബൂ ഗസ്വ**).

കാര്യങ്ങൾ ആദ്യം വന്നത് ഇവരുടെ നേതൃത്വത്തിൽ നിന്നായിരുന്നില്ല. ഖിലാഫത് പ്രഖ്യാപനത്തിന് മുൻപേ തന്നെ കീഴ്ഘടകങ്ങളിൽ വലിയ വലിയ അഭിപ്രായാന്തരങ്ങകൾ ഉണ്ടായിരുന്നു. നേതൃത്വത്തിനും അധികാരത്തിനും വേണ്ടി അവർ ജബ്ഹത്തുന്ന്യൂസ്വ്റയുമായി സംഘർഷത്തിലേർപ്പെട്ടു. പിന്നീട് അവരെ കാഫിറാക്കി. അവരുടെ രക്തം അനുവദനീയമാണെന്ന് പ്രഖ്യാപിച്ചു. ഇത്തരം സംഘർഷങ്ങളുടെ ചരിത്രം പഠിച്ച ഏതൊരാൾക്കും ഇത്തരം സംഘങ്ങൾ എക്കാലത്തും ശറഈ തെളിവുകളെ തെറ്റായി വ്യാഖ്യാനിച്ചത് കാണാനാകും. അവർ എളുപ്പത്തിൽ വഴികേടിൽ അകപ്പെട്ട് പോകുന്നതും ദൃശ്യമാകും.

തന്റെ സംഘത്തിന്റെ സമ്പൂർണാധികാരം അബൂബകർ ബഗ്ദാദി താൽപര്യപ്പെടുന്നുണ്ടാകും. എന്നാലും അത് ബഗ്ദാദിയിൽ തന്നെ പൂർണമായും നിക്ഷിപ്തമാണെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ആ മനുഷ്യന്റെ അവസ്ഥ ജുഹയ്മാനുമായുള്ള ബന്ധത്തിൽ മുഹമ്മദ് ബിൻ അബ്ദുല്ലാഹ് അൽ ഖഹ്ത്വാനിയുടേതിന് സമാനമാണെന്നതിന് അനേകം തെളിവുകളുണ്ട്.

(ശയ്ഖ് ജുഹയ്മാൻ ബിൻ മുഹമ്മദ് അൽ ഉതയ്ബി സുഊദി നാഷണൽ ഗാർഡിലെ മുൻ അംഗമായിരുന്നു. മദീന സർവകലാശയിലെ വിദ്യാർഥിയായിരുന്ന അദ്ദേഹത്തിന്റെ ഗുരുക്കൻമാരിൽ ശയ്ഖ് ഇബ്നു ബാസും, അല്ലാമ മുഹമ്മദ് ശൻഖീത്വിയുമുണ്ട്.

പണ്ഡിതവര്യനായ ശയ്ഖ് ഹമൂദ് ബിൻ ഉഖ്ല അൽ ശുഅയ്ബി

പോലുള്ളവരുടെ ആശയങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട അദ്ദേഹം സുഊദി രാജവംശത്തിന്റെ ഇസ്‌ലാം വിരുദ്ധ നിലപാടുകൾക്ക് എതിരെ നിലകൊണ്ടു. പ്രസ്തുത ഭരണകൂടം നിയമാനുസൃത ഭരണകൂടമേയല്ലെന്നും, ആയതിനാൽ അവർക്ക് മുസ്‌ലിംകളുടെ ബയ്അത് ഇല്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. സുഊദി ഭരണകൂടം അഴിമതിയിലും പാശ്ചാത്യവൽക്കരണത്തിലും കുഫ്റിലും പെട്ടിരിക്കുന്നുവെന്നും അദ്ദേഹം വവ്യക്തമാക്കി.

അദ്ദേഹത്തിന്റെ സഹോദരി ഭർത്താവായിരുന്നു മുഹമ്മദ് ബിൻ അബ്ദുല്ലാഹ് അൽ ഖഹ്ത്വാനി. ഇമാം മഹ്ദിയുമായി ബന്ധപ്പെട്ട പ്രവചനങ്ങളുമായി അദ്ദേഹത്തിന്റെ പേര് പൊരുത്തപ്പെടുന്നതിനാൽ അദ്ദേഹം ഇമാം മഹ്ദിയാണെന്ന് ജുഹയ്മാൻ പറഞ്ഞു. ജുഹയ്മാന്റെ ആശയങ്ങളെ അംഗീകരിച്ച അദ്ദേഹത്തെ പ്രസ്തുത സംഘത്തിന്റെ നേതാവായി ജുഹയ്മാൻ പ്രഖ്യാപിച്ചു. 1979 നവംബർ 29 ന്, 1400 ഹിജ്റി വർഷത്തിന്റെ ആദ്യ ദിവസം കഅ്ബ പിടിച്ചെടുക്കാനായി ജുഹയ്മാനും അനുയായികളും മുതിർന്നു. മുഹമ്മദ് അൽ ഖഹ്ത്വാനി പ്രമാണങ്ങളിൽ പറഞ്ഞിരിക്കുന്ന ഇമാം മഹ്ദിയാണെന്നും അതിനാൽ അദ്ദേഹത്തിന് ബയ്അത് ചെയ്യാനും അവർ ആവശ്യപ്പെട്ടു. ഏതാണ്ട് രണ്ട് ആഴ്ചകൾ അവർ കഅ്ബയെ തങ്ങളുടെ പൂർണ നിയന്ത്രണത്തിലാക്കി. പിന്നീട് സുഊദി സേന പാശ്ചാത്യ സൈനിക സഹായത്തോടെ കഅ്ബക്കുള്ളിൽ വെച്ച് തന്നെ മുഹമ്മദ് അൽ ഖഹ്ത്വാനിയെ വധിച്ചു. ജുഹയ്മാനും കുറേ അനുയായികളും ജീവനോടെ പിടിക്കപ്പെട്ടു. 1980-ൽ കൂട്ടാളികളോടൊപ്പം അദ്ദേഹത്തെ വധിച്ചു. ഈ സംഭവത്തിന് ശേഷമാണ് സുഊദിയിൽ കൂടുതൽ മതപരമായ കർശനത നടപ്പിലാക്കിയത്. സംഘത്തിന്റെ നേതാവ് മുഹമ്മദ് ബിൻ അബ്ദുല്ലാഹ് അൽ ഖഹ്ത്വാനിയായിരുന്നുവെങ്കിലും അദ്ദേഹം ശയ്ഖ് ജുഹയ്മാന്റെ നിർബന്ധങ്ങൾക്ക് കീഴിലായിരുന്നുവെന്നാണ് അബൂ ഖതാദ പറയുന്നത് **- അബൂ ഗസ്വ).**

ബൗദ്ധികവും വൈജ്ഞാനികവുമായ ദൗർബല്യത്താൽ ദൗലയുടെ നേതൃത്വത്തിന് അദ്നാനിയെയും മറ്റുള്ളവരെയും അനുസരിക്കേണ്ടതായി വരുന്നുവെന്നുള്ള വിശ്വസനീയമായ വാർത്തകൾ അവരെക്കുറിച്ച് എനിക്ക് കിട്ടിയിട്ടുണ്ട്.

ഖിലാഫത് പ്രഖ്യാപനത്തോടെ ജബ്ഹതുന്നുസ്വ്റയും സിറിയയിലെ ജിഹാദി നേതൃത്വവുമായുള്ള അഭിപ്രായാന്തരം ഇല്ലാതായിത്തീരുമെന്ന് ബഗ്ദാദി കരുതി. പ്രത്യേകിച്ചും ഡോ. അയ്മൻ അദ്വാഹിരിക്കുള്ള ബയ്അതുമായി ബന്ധപ്പെട്ട അവരുടെ കള്ളത്തരങ്ങളും വ്യാജങ്ങളും പുറത്തുവന്നതോടെ അത്തരമൊരു പ്രഖ്യാപനം അവർക്ക് ആവശ്യവുമായിരുന്നു.

മറുപടി പറയാനില്ലാത്തതിനാൽ ബഗ്ദാദി നിഷ്ക്രിയതയിൽപ്പെടുകയും മൗനിയാവുകയും ചെയ്തു. അതിനാൽ അദ്ദേഹത്തിന് പകരം മറ്റ് പലരും ഒച്ച വെക്കാൻ തുടങ്ങി. അവർ ദുരാരോപണങ്ങൾ ഉന്നയിക്കാനും, മറുഭാഗത്തെ കല്ലെറിയാനും തുടങ്ങി. ഇവ്വിഷയ സംബന്ധിയായി സംസാരിക്കാൻ പോന്ന വിദ്യാർഥികൾ (طالب العلم) പോലും അവരിലില്ലായിരുന്നു. ഇനി സംസാരിക്കാൻ തയ്യാറായവർ പ്രകമ്പനങ്ങളും ദുരന്തങ്ങളും മാത്രമാണ് കൊണ്ട് വരുന്നത്. ബഹളം വെക്കലും ഭീഷണിപ്പെടുത്തലുമാണ് അവരുടെ ശൈലി. കൊല്ലുമെന്ന ഭീഷണിയും രക്തം ചിന്തുമെന്ന മുന്നറിയിപ്പുകളും.

തങ്ങളുടെ ശ്രമങ്ങൾ പ്രശ്നങ്ങൾക്ക് പരിഹാരം കൊണ്ടുവരുമെന്നും, മുസ്ലിംകളുടെ സ്വപ്നങ്ങൾ

പൂവണിയുമെന്നും അവർ കരുതി. എന്നാൽ അവരുടെ നിലപാട് വഴി ഭിന്നതകൾ അധികരിക്കുകയും രക്തച്ചൊരിച്ചിലുകൾ വർധിക്കുകയുമാണ് ഉണ്ടായത്. ഇതെല്ലാം ശ്രദ്ധിച്ചാൽ തന്നെ അല്ലാഹുവിന്റെ ദീനിൽ ഇവരെ കുറിച്ചുള്ള ഹുകും എന്താണെന്ന് വ്യക്തമാകും.

ഈ വിഷയത്തിലെ ഹുകും എന്താണെന്ന് നിങ്ങൾക്കറിയില്ലെങ്കിൽ അതിന്റെ ഫലം എന്താണെന്ന് നോക്കിയാൽ നിങ്ങൾക്ക് കാര്യങ്ങൾ വ്യക്തമാകും. മുജാഹിദീനാണ് കൊല്ലപ്പെടുന്നതെന്നും, കാഫിറുകളോ മുർതദ്ദുകളോ സനാദിഖയോ അല്ലെന്നുമറിയുമ്പോൾ അവരെക്കുറിച്ചുള്ള വിധി വ്യക്തമാകും. ധിഷണയും ദീനിനെ കുറിച്ച ഗ്രാഹ്യ (ഫഹ്മ്) വുമുള്ളവർക്ക് വ്യതിരക്തമായ മറ്റൊരു രീതിയുണ്ട്. പരസ്പരം കരാറുകളിൽ ഏർപ്പെടുകയും അതിൽ അടിയുറച്ച് നിലക്കുകയും ചെയ്യുകയെന്ന സ്വഹാബതിന്റെ ഗ്രാഹ്യത്തിനും ചര്യക്കുമപ്പുറം അവർ പോവുകയില്ല.

അവർക്ക് ദീനും, മാന്യതയും, തഖ്വയും, ഇൽമും ഉണ്ടായിരുന്നുവെങ്കിൽ അത്തരമൊരു കരാർ സമീപഭാവിയിൽ തന്നെ സാധ്യമായിരുന്നു. ശരീഅത് അനുസരിച്ചുള്ള പ്രശ്ന പരിഹാരത്തിലേക്കും വിധിതീർപ്പിലേക്കും എത്രയോ തവണ ആളുകൾ അവരെ ക്ഷണിച്ചു. എന്നാൽ അഹങ്കാരത്തിന്റെയും ധിക്കാരത്തിന്റെയും മൂർദ്ധന്യതയിലായിരുന്നു അവർ. അത്തരം നിർദേശം അവർ നിരാകരിച്ചു. തങ്ങളുടെ സംഘടനക്ക് ദൗല (state) എന്ന പേര് നൽകിയ അവർ, ഒരു ദൗല അഥവാ രാഷ്ട്രം ആയ തങ്ങൾ മറ്റ് സംഘങ്ങൾ (جماعة)

ക്കൊപ്പം ഇരിക്കുന്നതും, വിധിതീർപ്പിന് വേണ്ടി വിചാരണയിൽ പങ്കാളിയാവുന്നതും ശരിയല്ലെന്ന് സിദ്ധാന്തിച്ചു. വിജ്ഞാനത്തിന്റെ വ്യാജാവരണങ്ങൾ അണിഞ്ഞ അവർക്കിടയിലെ കപടനാട്യക്കാരായ പെരും നുണയന്മാർ അതിന് ന്യായം പറഞ്ഞത് ചരിത്രത്തിൽ ഒരിക്കൽ പോലുമൊരു ഭരണകൂടവും ഏതെങ്കിലും സംഘവുമായി വിധിതീർപ്പിന് വേണ്ടി കോടതി സമക്ഷം ഒന്നിച്ചിട്ടിരുന്നിട്ടില്ലെന്നാണ്.

ഈ വിവരദോഷികൾ അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ ഈ വരികളെങ്കിലും വായിച്ചിരുന്നുവെങ്കിൽ അതുമാത്രം മത്തിയാകുമായിരുന്നു. **"വിശ്വാസികളിൽ നിന്നുള്ള രണ്ട് വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ അവർക്കിടയിൽ നിങ്ങൾ രഞ്ജിപ്പ് ഉണ്ടാക്കണം"** (49 : 09).

ഉമ്മ ആഇശയുടെ വ്യാഖ്യാനം അവർ മനസ്സിലാക്കിയിരുന്നെങ്കിൽ..! ഖുർആനും സുന്നതിനുമെതിരെ വ്യാജം നിർമിക്കുന്നവരല്ലല്ലോ ആ മഹതി.

പ്രവാചക ചരിത്രം അവർ വായിച്ചിരുന്നെങ്കിൽ...! ഖുറയ്ദയിലെ ജൂതന്മാരുടെ വിശയത്തിൽ അവിടുന്ന് സഅദ് ബിൻ മുആദിന്റെ വിധിതീർപ്പ് അംഗീകരിക്കുകയുണ്ടായല്ലോ.

അവർ ഇസ്ലാമിക ചരിതം പഠിച്ചിരുന്നുവെങ്കിൽ...! റാശിദി ഖിലാഫതിലെ അലി, താനും മുആവിയയും തമ്മിലുള്ള പ്രശ്നത്തിൽ മറ്റൊരാളുടെ വിധിതീർപ്പ് അംഗീകരിച്ചിരുന്നു.

എന്നാൽ ഈ സംഘത്തിലെ നിയമജ്ഞരും കർമശാസ്ത്രികളും അജ്ഞതയുടെ ഒഴുക്കിൽ ഒഴുകുകയായിരുന്നു. വലിയ ദുരന്തങ്ങൾ കൊണ്ടുവരികയായിരുന്നു.